# ഇസ്‌ലാമിക ഭരണവ്യവസ്ഥയിൽ അമുസ്‌ലിംകളുടെ പദവി

പ്രഫ. വി. മുഹമ്മദ്

ഇസ്‌ലാമിക ഭരണവ്യവസ്ഥയെയും അതിൽ അമുസ്‌ലിം പ്രജകളുടെ പദവിയെയും പറ്റി ചിന്തിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ആദ്യമായി ഗ്രഹിച്ചിരിക്കേണ്ടതാണ്:

1. മനുഷ്യരെല്ലാവരും സ്രഷ്ടാവും നിയന്താവുമായ ഏകദൈവത്തിന്റെ സൃഷ്ടികളും ഏകവർഗവും അവന്റെ മുമ്പിൽ തുല്യരുമാണ്. അവർക്കിടയിൽ അവൻ കൽപിക്കുന്ന വ്യത്യാസം ദൈവഭക്തിയുടെ-ഭക്തിനിർഭരമായ ജീവിതത്തിന്റെ- അടിസ്ഥാനത്തിൽ മാത്രമാണ്. അതായത്, ദൈവഭക്തർ, ഭക്തരല്ലാത്തവർ എന്നീ രണ്ടുതരം ആളുകളായി മാത്രമാണ് അവൻ മനുഷ്യരെ തരംതിരിക്കുന്നത്.

“മനുഷ്യരേ, നിങ്ങളെ(യെല്ലാം) നാം ഒരു പുരുഷനിൽനിന്നും ഒരു സ്ത്രീയിൽനിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിനായി നിങ്ങളെ നാം വംശങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തു. നിശ്ചയമായും നിങ്ങളിൽവെച്ച് ഏറ്റവും മാന്യൻ നിങ്ങളിൽ വെച്ച് ഏറ്റവും അധികം ഭക്തിയുള്ളവനാണ്” എന്ന് അല്ലാഹുവും

“......... നിങ്ങളെല്ലാവരും ആദമിന്റെ സന്തതികളാണ്... മതംകൊണ്ട്, അഥവാ ദൈവഭക്തികൊണ്ടല്ലാതെ നിങ്ങളിലൊരാൾക്കും മറ്റൊരാളെക്കാൾ ശ്രേഷ്ഠതയുണ്ടാവുന്നതല്ല” എന്ന് മുഹമ്മദ് നബി(സ)യും വ്യക്തമാക്കിയിട്ടുണ്ട്. നബി(സ) തന്റെ അവസാനത്തെ ‘വിടവാങ്ങൽ’ ഹജ്ജിൽ ചെയ്ത പ്രസംഗത്തിൽ ഈ കാര്യം ഇങ്ങനെ ഊന്നിപ്പറയുകയുമുണ്ടായി:

‘‘മനുഷ്യരേ, നിങ്ങളുടെ റബ്ബ് ഒന്നാണ്. അറിയുക, ഒരറബിക്ക് ഒരനറബിയെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല. ഒരു അനറബിക്ക് ഒരു അറബിയെക്കാളും ഒരു ശ്രേഷ്ഠതയുമില്ല. ഒരു ചുവന്നവന് ഒരു കറുത്തവനെക്കാളും, ഒരു കറുത്തവന് ഒരു ചുവന്നവനെക്കാളും ഒരു ശ്രേഷ്ഠതയുമില്ല- ദൈവഭക്തികൊണ്ടല്ലാതെ. നിശ്ചയമായും നിങ്ങളിൽവെച്ച് ഏറ്റവും മാന്യൻ നിങ്ങളിൽ വെച്ച് ഏറ്റവും അധികം ഭയഭക്തിയുള്ളവനാണ്.”

2. മുസ്‌ലിം എന്നാൽ ദൈവത്തിന് കീഴൊതുങ്ങി ജീവിക്കുന്നവനും അമുസ്‌ലിം എന്നാൽ അങ്ങനെ ചെയ്യാത്തവനുമാണ്. ഇസ്‌ലാം എന്ന ആശയം സ്വീകരിച്ചു ജീവിക്കുന്ന സമൂഹത്തിലെ ഒരംഗമാണ് മുസ്‌ലിം. ഈ ആശയം സമൂഹത്തിന്റെയും അതിലെ വ്യക്തികളുടെയും ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുന്നു. വിശ്വാസങ്ങളും ആരാധനാ കർമങ്ങളും തൊട്ട് കുടുംബപരവും സാമ്പത്തികവും ഭരണപരവും ദേശക്ഷേമപരവും, അന്തർദേശീയവുമായ എല്ലാ കാര്യങ്ങളുംവരെ ഈ ആശയം നിയന്ത്രിക്കുന്നു. ദൈവഹിതത്തിനനുസരിച്ചു മാത്രമേ അവർ എന്തും പ്രവർത്തിക്കുകയുള്ളൂ.

മുസ്‌ലിംകളുടേത് ഒരു ആശയസമൂഹമാണ്. രക്തബന്ധത്തിന്റെയും നാടിന്റെയും ഭാഷയുടെയും വർണത്തിന്റെയും എല്ലാം അടിസ്ഥാനത്തിൽ ജനവിഭാഗങ്ങൾ യോജിക്കുകയും സമൂഹമെന്നോ രാഷ്ട്രമെന്നോ വിളിക്കപ്പെടുകയും ചെയ്യാറുണ്ട്. അങ്ങനെ ചെയ്യാവുന്നതാണെന്ന് മുഹമ്മദ് നബി(സ) കാണിച്ചുതന്നിട്ടുമുണ്ട്. മദീനയിൽ വെച്ച് നബി പ്രഖ്യാപിച്ചതും ലോകത്തിലെ ആദ്യത്തെ ലിഖിത ഭരണഘടന എന്ന് വിശേഷിപ്പിക്കാവുന്നതുമായ കരാറിൽ അവിടത്തെ മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും യഹൂദികളെയും മറ്റുള്ളവരെയും എല്ലാം കൂടി ഒരു ജനത (ഉമ്മത്ത്) ആയിട്ടാണ് നബി വിശേഷിപ്പിച്ചത്. എന്നാൽ ഇതെല്ലാം വെറും യാദൃഛിക സ്വഭാവത്തോടുകൂടിയവയാണ്. ഈ യോജിപ്പിന്റെ അടിസ്ഥാനത്തിൽ ഇതിലെ അംഗങ്ങൾക്ക് ഒരു സ്വാധീനവുമില്ല. സ്വയം തീരുമാനിച്ചുകൊണ്ട് സമൂഹവും രാഷ്ട്രവും ഉണ്ടാക്കാൻ സഹായിക്കുക ആശയം മാത്രമാണ്. നാട്, ഭാഷ, വർണം തുടങ്ങിയ വ്യത്യാസങ്ങളൊന്നും തന്നെ ഈ ബന്ധത്തിന് തടസ്സമാവുകയില്ല. കൃത്രിമത്വവും യാദൃഛികത്വവുമില്ലാത്തതും, ഏറ്റവും എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയുന്നതും, ഏറ്റവും ഭദ്രമായി നിലനിൽക്കുന്നതുമായ സമൂഹവും ഇതുതന്നെയായിരിക്കും. മുസ്‌ലിംസമൂഹം പ്രവർത്തിക്കുന്നതെല്ലാം പാരത്രിക ജീവിതത്തിലെ നേട്ടങ്ങൾ ലക്ഷ്യംവെച്ചുകൊണ്ടായിരിക്കും. ആ പ്രവർത്തനങ്ങളെല്ലാം തന്നെ ഐഹികജീവിതം സുഖകരവും സമാധാനപൂർണവും ആക്കാൻ ഉപയുക്തമായവയുമാണ്.

3. ലോകത്തുണ്ടായിട്ടുള്ള എല്ലാ ദൈവിക മതങ്ങളും ഇസ്‌ലാം (ദൈവത്തിനു കീഴൊതുങ്ങൽ) തന്നെയാണെന്നും അവയുടെയെല്ലാം അനുയായികൾ മുസ്‌ലിംകൾ തന്നെയായിരുന്നുവെന്നും ഈ സമൂഹം വിശ്വസിക്കുന്നു. അവക്കെല്ലാം പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. ദിവ്യസന്ദേശം ലഭിച്ചിട്ടുമുണ്ട്. മുഹമ്മദ് നബി പ്രവാചകശൃംഖലയിൽ അവസാനം വന്ന ആളും ഖുർആൻ ദിവ്യസന്ദേശങ്ങളിൽ അവസാനമായി അവതരിച്ചതും ആണ് എന്നുകൂടി ഈ സമൂഹം വിശ്വസിക്കുന്നു.

## ഇസ്‌ലാമിക ഭരണവ്യവസ്ഥ

ഇസ്‌ലാമിക ഭരണം എന്നാൽ ഇസ്‌ലാം മതത്തിന്റെ അടിസ്ഥാനപ്രമാണമായ ഖുർആനും അതിന്റെ വാചാ-കർമണാ ഉള്ള വ്യാഖ്യാനമായ ഹദീസും അനുസരിച്ചുള്ള ഭരണമാണ് എന്നല്ലാതെ മുസ്‌ലിംകളുടെ ഭരണമല്ല. മുസ്‌ലിംകളുടെ ഭരണം അനിസ്‌ലാമികമായെന്നും വരും. പലപ്പോഴും അങ്ങനെത്തന്നെ

ആയിരുന്നിട്ടുമുണ്ട്. മുസ്‌ലിംകൾ ഒരു രാജ്യം ഭരിക്കേണ്ടതായി വന്നാൽ അവരത് ഇസ്‌ലാമികമായി നടത്തൽ നിർബന്ധമാണ്. കാരണം ഭരിക്കുന്നവർക്ക് ഭരണവും മതാനുഷ്ഠാനത്തിന്റെ ഭാഗമാണ്. അതേപറ്റി അവൻ ദൈവത്തിനു മുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടിവരുന്നതുമാണ്. കുടുംബനാഥന് കുടുംബഭരണവും, ഉദ്യോഗസ്ഥന് തന്റെ കൃത്യനിർവഹണവും, കച്ചവടക്കാരന് തന്റെ കച്ചവടവും, തൊഴിലാളിക്ക് തന്റെ തൊഴിലും, സാമൂഹിക പ്രവർത്തകന് തന്റെ പ്രവർത്തനങ്ങളും ദൈവനിർദേശങ്ങൾക്കനുസൃതമാക്കേണ്ടത് നിർബന്ധമാണെന്നത് പോലെത്തന്നെ, ഭരണകർത്താക്കളും അങ്ങനെ ചെയ്യൽ നിർബന്ധമാണ്. നന്മകളും തിന്മകളും ധാരാളം പ്രവർത്തിക്കാൻ സൗകര്യപ്പെടുന്ന രംഗമാകയാൽ ഭരണം കൈയാളുന്നവർക്ക് സ്വർഗവും നരകവും എളുപ്പം ലഭ്യമാകാവുന്നതാണ്. ആദ്യമായി സ്വർഗത്തിൽ പ്രവേശിക്കുന്ന ഏഴു വിഭാഗങ്ങൾ നബി(സ) എണ്ണിപ്പറഞ്ഞതിൽ ആദ്യത്തേത് 'നീതിമാനായ ജനനേതാവ്' ആകുന്നു.

### ഭരണഘടനയും നിയമങ്ങളും

നാടിന് ഭരണഘടനയും നിയമങ്ങളും വേണം. ഇവയുടെ അടിസ്ഥാനപ്രമാണങ്ങളും രൂപരേഖയും കുറേ നിയമങ്ങളും ദൈവം ഖുർആനിലൂടെ നൽകിക്കഴിഞ്ഞിട്ടുണ്ട്. മുഹമ്മദ് നബിയുടെ വിശദീകരണങ്ങളും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആവശ്യമായി വരുന്ന കൂടുതൽ നിയമങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കാൻ അനുവാദമുണ്ട്. ഈ നിയമങ്ങളെല്ലാം ദൈവികമാണെന്ന് വിശ്വസിക്കുന്നതുകൊണ്ട് അവ ലംഘിക്കാനോ മറികടക്കാനോ ഒരു ഭരണകർത്താവും മുതിരുകയുമില്ല. ഭരണകർത്താക്കളുടെയോ ഭൂരിപക്ഷത്തിന്റെയോ ഇംഗിതത്തിനൊത്ത് ഈ ഭരണഘടനയിൽ മാറ്റം വരുത്താൻ സാധ്യമല്ല എന്ന വൈശിഷ്ട്യം കൂടി ഇസ്‌ലാമിക ഭരണഘടനക്കുണ്ട്.

## മുസ്‌ലിം – അമുസ്‌ലിം വിഭാഗങ്ങൾ

ജനായത്ത ഭരണവ്യവസ്ഥയിലെ ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ സ്ഥാനമാണ് ഇസ്‌ലാമിക ഭരണത്തിൽ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഉണ്ടായിരിക്കുക എന്നു ധരിച്ചാൽ അത് തികച്ചും അബദ്ധമായിരിക്കും. അമുസ്‌ലിംകൾ പ്രതിപക്ഷം എന്ന പേരിലല്ല, മറിച്ച് 'ദിമ്മി' (സംരക്ഷിതവിഭാഗം) എന്ന പേരിലാണറിയപ്പെടുക. അനുഭവത്തിലും അങ്ങനെത്തന്നെയായിരിക്കും. 'നിധിപോലെ കാത്തുസംരക്ഷിക്കപ്പെടുന്ന' ഒരു വിഭാഗം എന്ന് ഇസ്‌ലാമിക ഭരണത്തിലെ അമുസ്‌ലിംകളെപ്പറ്റിപ്പറഞ്ഞാൽ അധികമായിപ്പോവുകയില്ല. അതിൽ, മുസ്‌ലിംകൾ അധികാരം കൈയേന്തിയ കക്ഷിയായിട്ടല്ല, മറിച്ച് ഉത്തരവാദിത്വം പേറിയ കക്ഷിയായിട്ടാണ് ജനങ്ങൾക്കനുഭവപ്പെടുക. ഭൂരിപക്ഷ–ന്യൂനപക്ഷാടിസ്ഥാനത്തിലല്ല, ആശയത്തിന്റെ അടിസ്ഥാനത്തിലാണ് കക്ഷി നിർണയം. ഭൂരിപക്ഷം വരുന്ന അമുസ്‌ലിംകൾ തങ്ങളുടെ രാജ്യഭരണം ന്യൂനപക്ഷവും വിദേശീയരുമായ മുസ്‌ലിംകളെ ഏൽപിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. മുസ്‌ലിംകളുടെ ആയുധബലം ഭയപ്പെട്ടിട്ടല്ലായിരുന്നു അത്. നീതിയും നെറിയും സൗഹാർദവും സമാധാനവും ക്ഷേമവും ഐശ്വര്യവും ഉറപ്പ് വരുത്താനായിരുന്നു അവരങ്ങനെ ചെയ്തത്. ഇസ്‌ലാമിക ഭരണം എങ്ങനെയായിരിക്കുമെന്ന് സംശയലേശമന്യേ മുൻകൂട്ടി മനസ്സിലാക്കാൻ അവർക്ക് സാധ്യമായിരുന്നു.

ഭൗതികജീവിതത്തിന്റെ കാര്യത്തിലൊന്നിലും മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിൽ ഒരു വ്യത്യാസവും കൽപിക്കപ്പെടുകയില്ല. മുസ്‌ലിംകളുടെ എണ്ണം വർധിപ്പിച്ചു ഭരണം നിലനിർത്തുക എന്ന പ്രശ്നവുമില്ല. അതുകൊണ്ട് ചാക്കിട്ടുപിടിത്തവും കൊലപാതക രാഷ്ട്രീയവും ഈ വ്യവസ്ഥിതിയിൽ ഉണ്ടാവേണ്ടതില്ല. നിർബന്ധപൂർവം ആശയ പരിവർത്തനം–മതപരിവർത്തനം– വരുത്തുന്ന പ്രശ്നമേ ഇല്ലെന്നത് എല്ലാവർക്കും ബോധ്യമായ കാര്യമാണ്. കാരണം അക്കാര്യം ഖുർആൻതന്നെ പലയിടത്തും പല പ്രകാരത്തിലും വ്യക്തമാക്കിയിട്ടുണ്ട്:

''മതത്തിന്റെ കാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ല. സന്മാർഗം ദുർമാർഗത്തിൽനിന്നും വ്യക്തമായി തിരിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആര് പിശാചിൽ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ, അവൻ നിശ്ചയമായും ശക്തമായ ഒരു പിടി കയർ പിടിച്ചിരിക്കുന്നു" (2:256).

"നിങ്ങൾ നന്മ പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങൾക്ക് തന്നെയാണ് നിങ്ങൾ നന്മ പ്രവർത്തിക്കുന്നത്. നിങ്ങൾ തിന്മ പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങൾക്കുതന്നെയാണത് ബാധിക്കുന്നത്" (17:7)

"ആരെങ്കിലും നേർമാർഗം പ്രാപിക്കുന്നുവെങ്കിൽ അവൻ അവന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ് നേർമാർഗത്തിലാവുന്നത്. ആര് വഴിപിഴച്ചുപോകുന്നുവോ, അവൻ തനിക്കെതിരായിത്തന്നെയാണ് വഴിപിഴക്കുന്നത്. ഒരാളും മറ്റൊരാളുടെ ഭാരം പേറുന്നതല്ല. ഒരു സന്ദേശവാഹകനെ അയക്കുന്നതുവരേക്കും നാം ശിക്ഷ നടപ്പിലാക്കുന്നതുമല്ല"(15:17).

മതപരിവർത്തനം നടത്തൽ മുസ്‌ലിംകളുടെ ജോലിയിൽ പെട്ടതല്ല. മതപ്രബോധനം മാത്രമാണവരുടെ കർത്തവ്യം. മുഹമ്മദ് നബി(സ)യോട് തന്നെ ഈ കാര്യം ഖുർആനിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്..

"നീ ഉണർത്തുക. നീ ഉണർത്തുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരസ്ഥനല്ല" (88:21).

''ദൈവദൂതന് വ്യക്തമായ പ്രബോധനമല്ലാതെ ബാധ്യതയില്ല" (5:99, 24:54, 29:18).

"അവർ പിന്തിരിഞ്ഞഞ്ഞു കളയുകയാണെങ്കിൽ നിനക്ക് വ്യക്തമായ പ്രബോധനം മാത്രമാണ് ബാധ്യത (എന്ന് ധരിച്ചുകൊള്ളുക)"– 16:82

"ഇനി, അവർ അവഗണിച്ചുമാറിക്കളയുകയാണെങ്കിൽ, നിന്നെ നാം അവരുടെ കാവൽക്കാരനാക്കിയിട്ടില്ല (എന്ന് മനസ്സിലാക്കിക്കൊള്ളുക). നിന്റെ ബാധ്യത പ്രബോധനം മാത്രമാണ്'' (42:48).

ഈ ആശയം ഊന്നിപ്പറയുന്ന അനവധി ദിവ്യവചനങ്ങളിൽ ചിലത് മാത്രമാണിവിടെ ഉദ്ധരിച്ചത്.

മുസ്‌ലിം അംബാസഡറെ അന്യായമായി വധിച്ചുകളഞ്ഞതിനുള്ള പ്രതികാര നടപടിയെക്കുറിച്ചു നബി(സ) ഹിറാക്ലിയസ് ചക്രവർത്തിക്കെഴുതിയ കത്തിലും ഈ ആശയം വ്യക്തമാകുന്നുണ്ട്. നബി എഴുതി: "ഇസ്‌ലാം അവലംബിക്കുക. അല്ലെങ്കിൽ ജിസ്‌യ നൽകുക. അതുമല്ലെങ്കിൽ നിങ്ങളുടെ പ്രജകളിൽനിന്നും ഇസ്‌ലാംമതമവലംബിക്കുന്നവരെ തടയാതിരിക്കുക."

ആതിഥേയത്വവും അഭയം നൽകലും മുസ്‌ലിംകളുടെ കർത്തവ്യങ്ങളിൽ പെടുത്തിയിട്ടുണ്ട്. അഭയം നൽകൽ ഒരു വലിയ പുണ്യകർമവും കൂടിയാണ്.

"ബഹുദൈവവിശ്വാസികളിലാരെങ്കിലും നിന്നോട് അഭയം തേടിയാൽ, അവനഭയം നൽകുക. അങ്ങനെ അവൻ അല്ലാഹുവിന്റെ വചനം കേൾക്കുമാറാകട്ടെ. പിന്നീടവനെ അവന്റെ സുരക്ഷിത സ്ഥാനത്തെത്തിച്ചുകൊടുക്കുക. അവർ അറിഞ്ഞുകൂടാത്ത ജനങ്ങളായതുകൊണ്ടാണത്" (9:6).

ഈ കൽപനക്കനുസൃതമായി മുസ്‌ലിംകൾ അമുസ്‌ലിംകൾക്ക് അഭയം നൽകുകയും അവർക്ക് ആതിഥ്യം

നൽകുകയും ചെയ്ത സംഭവങ്ങൾ എത്രയെങ്കിലുമുണ്ട്.

### മദീനയിലെ രാഷ്ട്രം

മക്ക വിട്ട് മദീനയിൽ വന്ന ഉടനെ നബി(സ) ചെയ്തത് അവിടെ വ്യവസ്ഥാപിതമായ ഒരു സമൂഹം സ്ഥാപിക്കുകയും അവിടത്തെ ജനങ്ങളിൽ സൗഹാർദവും സമാധാനവും വളർത്തിയെടുക്കുകയും ചെയ്യാൻ പരിശ്രമിക്കലായിരുന്നു. കൊല്ലങ്ങളായി തമ്മിൽ കലഹിച്ചും യുദ്ധം ചെയ്തും കഴിഞ്ഞിരുന്ന അവിടത്തെ രണ്ട് പ്രബല വിഭാഗങ്ങൾ തമ്മിൽ രഞ്ജിപ്പുണ്ടാക്കി. മുസ്‌ലിം, ക്രിസ്ത്യൻ, ജൂത, ബഹുദൈവാരാധക വിഭാഗങ്ങളെല്ലാം ചേർന്ന ഒരു രാഷ്ട്രമാക്കി അവരെ സംഘടിപ്പിച്ചു. മദീനയിലെത്തിയ കൊല്ലംതന്നെ അവിടത്തെ നിവാസികളുമായി പരസ്പര സഹായത്തിന്റെയും സഹകരണത്തിന്റെയും സൗഹൃദ ഉടമ്പടി ചെയ്തു. അതൊരു ഭരണഘടനയായിരുന്നു–ലോകത്തിലെ ആദ്യത്തെ ലിഖിത ഭരണഘടന. ദൈവമതം വിഭാവനം ചെയ്യുന്നതെന്താണെന്ന് അതിൽനിന്ന് ഗ്രഹിക്കാൻ കഴിയും. നാൽപത്തി ഏഴ് ഖണ്ഡികകളുള്ള ആ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് 1) മുസ്‌ലിംകളും മദീനയിലുള്ള ക്രിസ്ത്യാനികൾ, യഹൂദർ തുടങ്ങിയ ഇതര മതസ്ഥരും ഒരു ഒറ്റജനതയായി കഴിയും. 2) ഓരോ വിഭാഗവും തങ്ങളുടെ വിശ്വാസാദർശങ്ങൾ നിലനിർത്തുകയും മറ്റുള്ളവരുടേതിൽ ഇടപെടാതിരിക്കുകയും ചെയ്യും. 3) ശത്രുവിന്റെ ആക്രമണത്തിനെതിരിൽ ഏതു വിഭാഗത്തെയും മറ്റു വിഭാഗങ്ങൾ സഹായിക്കും. 4) യുദ്ധത്തിലും സമാധാനത്തിലും പരസ്പരം കൂടിയാലോചിക്കും. 5) മദീനയുടെ സംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്വമായി കണക്കാക്കും. 6) മദീനയിൽ ആരും രക്തം ചിന്തുകയില്ല. 7) അനീതിയും അക്രമവും ആര് നടത്തിയാലും മുസ്‌ലിംകൾ അതിനെ എതിർക്കും– കുറ്റവാളി അവരുടെ അടുത്ത ബന്ധുക്കളായാലും. 8) വല്ല തർക്കവുമുണ്ടാവുകയാണെങ്കിൽ അത് നബിയുടെ തീരുമാനത്തിന് വിട്ടുകൊടുക്കും. മത സ്വാതന്ത്ര്യവും സമാധാനപരമായ സഹവർത്തിത്വവും ഉറപ്പുവരുത്തുന്ന ഈ ഭരണഘടന ദൈവികമതത്തിന്റെ മേന്മയെ വ്യക്തമാക്കുന്നു. സർ വില്യം മൂർ പറയുന്നു: "ലോകത്തിന് മുമ്പൊരിക്കലും പരിചയമില്ലാത്ത തരത്തിലുള്ള ഒരു മത സഹിഷ്ണുതയാണ് അദ്ദേഹം പ്രചരിപ്പിച്ചത്. മനുഷ്യ മതത്തിൽ സഹിഷ്ണുത ഒരാവശ്യമാണെങ്കിൽ ആദർശപ്രവാചകനെന്ന പദവിക്കുള്ള മുഹമ്മദിന്റെ അവകാശത്തിന് ഇത് ശക്തമായ ഒരു നീതീകരണമാണ്" (Life of Muhammed).

നബി(സ) ഇതിൽ വിഭാവന ചെയ്തിട്ടുള്ളത് ഒരു ഫെഡറേഷനാണ്. മുസ്‌ലിംകൾക്ക് അവരുടെ മതം; ജൂതന്മാർക്കും മറ്റു മത വിഭാഗങ്ങൾക്കും താന്താങ്ങളുടെ മതം. പ്രതിരോധം കൂട്ടായ ഉത്തരവാദിത്വവും. അമുസ്‌ലിം മതവിഭാഗങ്ങൾ സ്വമേധയാ ഈ ഫെഡറേഷനിൽ ചേരുകയും കൊല്ലങ്ങളോളം ഈ കരാർ വിശ്വസ്തതയോടെ നിലനിൽക്കുകയും ചെയ്തതും അവസാനം അവരിൽ പലരും ഇസ്‌ലാംമതം ആശ്ലേഷിച്ചതും ഈ കരാറിന്റെ പിന്നിലുള്ള ആത്മാർഥതക്ക് തെളിവാണ്. ഇത് ഒരു രാഷ്ട്രീയ നയതന്ത്രമായിരുന്നില്ല എന്നും അത് വ്യക്തമാക്കുന്നുണ്ട്.

### അമുസ്‌ലിംകൾക്ക് പങ്കാളിത്തം

മുസ്‌ലിംകൾ ഭരണകാര്യങ്ങളിൽ അമുസ്‌ലിംകളെ പങ്കെടുപ്പിക്കുന്നതാണ്. പ്രവാചകന്റെ കാലം മുതൽ ഇങ്ങനെ ചെയ്തിട്ടുള്ളതായി ചരിത്രത്തിൽ കാണാം. ഹിജ്റ 2–ാമാണ്ടിൽ, അബ്സീനിയയിൽ അഭയം പ്രാപിച്ചിരുന്ന മുസ്‌ലിംകളെ മടക്കി അയക്കാനാവശ്യപ്പെട്ടുകൊണ്ട്, മക്കയിലെ ശത്രുഖുറൈശികളുടെ ഒരു നിവേദകസംഘം അബ്സീനിയാ രാജാവിന്റെ അടുത്തെത്തി. ഇതിനെ നേരിടാൻ നബി(സ) ഒരു ദൂതനെ അയച്ചു. മദീനയുടെ പ്രാന്തപ്രദേശത്തുള്ള ഒരു അമുസ്‌ലിം (അംറുബ്നു ഉമയ്യ) ആയിരുന്നു ആ ദൂതൻ. ഖലീഫമാരുടെ കാലത്ത് അമുസ്‌ലിംകളെ മന്ത്രിമാരായി നിയമിക്കാറുണ്ടായിരുന്നു. പ്രതിപക്ഷത്തിലെ അംഗങ്ങളെ മന്ത്രിമാരാക്കുകയും അവർക്ക് ഭരണകാര്യത്തിൽ പങ്കാളിത്തം നൽകുകയും ചെയ്യുന്ന ഇത്തരം ഒരു നടപടി ഇന്നത്തെ 'പരിഷ്കൃതവും പുരോഗമനപരവു'മെന്ന് പറയപ്പെടുന്ന ഒരു ജനായത്ത ഭരണത്തിലും കാണപ്പെടുന്നതല്ല. ഖലീഫമാർ അമുസ്‌ലിംകൾക്ക് ഭരണപരമായ ഉത്തരവാദിത്വങ്ങൾ ഏൽപിച്ച നടപടി പ്രമുഖരായ മുസ്‌ലിം പണ്ഡിതന്മാർ ശരിവെച്ചിട്ടുമുണ്ട്.

അമുസ്‌ലിം മതമേധാവികൾക്ക് പ്രവാചകനും ഖലീഫമാരും പല അധികാരങ്ങളും നൽകുകയുണ്ടായിട്ടുണ്ട്. ഒരു നെസ്തോറിയൽ ബിഷപ്പ് തന്റെ ഒരു സുഹൃത്തിനയച്ച കത്തിൽ ഇങ്ങനെ എഴുതിയിരുന്നു: "ഈത്വയ്യുകാർ (അറബികൾ)ക്ക് ദൈവം ഇക്കാലത്ത് നമ്മുടെ മേൽ ആധിപത്യം നൽകുകയും അവർ നമ്മുടെ യജമാനന്മാരായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ, അവർ ക്രിസ്തുമതത്തെ എതിർക്കുകയേ ചെയ്യുന്നില്ല; മറിച്ച് നമ്മുടെ വിശ്വാസം സംരക്ഷിക്കുകയും നമ്മുടെ പുരോഹിതന്മാരെയും പുണ്യവാളന്മാരെയും ആദരിക്കുകയും കൂടി ചെയ്യുന്നു. നമ്മുടെ പള്ളികൾക്കും കോൺവെന്റുകൾക്കും അവർ സംഭാവന നൽകുകയും ചെയ്യുന്നു" (Bibl. Orient III. qouted by Dr. Hamidullah).

### സംരക്ഷണം

മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയും ജീവനും സ്വത്തും അഭിമാനവും ഒരുപോലെയാണ് സംരക്ഷിക്കപ്പെടുക. മുസ്‌ലിമിനെയെന്നതുപോലെത്തന്നെ അമുസ്‌ലിമിനെയും അപമാനിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ചില മുസ്‌ലിംകൾ ഒരു ജൂതന്റെ സ്ഥലത്ത് പള്ളി ഉണ്ടാക്കിയതായി വിവരം കിട്ടിയപ്പോൾ ഖലീഫ ഉമർ അത് പൊളിച്ചുമാറ്റി സ്ഥലം ജൂതന് തിരിച്ചേൽപിച്ചു. ദമസ്കസിലെ വലിയ പള്ളി വിപുലീകരിക്കാനായി ഒരു ഖലീഫ ഒരു ക്രിസ്ത്യൻ പള്ളി അതിനോട് കൂട്ടിച്ചേർത്തിരുന്നു. ദൈവഭക്തനായ ഉമറുബ്നു അബ്ദിൽ അസീസ് ഖലീഫയായപ്പോൾ പള്ളിയുടെ ആ ഭാഗം പൊളിച്ചുമാറ്റി ചർച്ച് പുനഃസ്ഥാപിക്കാൻ കൽപന നൽകി. എന്നാൽ ക്രിസ്ത്യാനികൾ അത് വേണ്ടെന്നു പറഞ്ഞു നഷ്ടപരിഹാരം സ്വീകരിക്കുകയാണുണ്ടായത്. ഉമറുബ്നു അബ്ദിൽ അസീസ് ഇങ്ങനെ വിളംബരം ചെയ്തിരുന്നു: "ദിമ്മികളുടെ (അമുസ്‌ലിംകളുടെ) കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്യുവിൻ. അവരിലാർക്കെങ്കിലും വാർധക്യം ബാധിക്കുകയോ ജീവിതമാർഗം മുട്ടിപ്പോവുകയോ ചെയ്താൽ അവർക്ക് വേണ്ടി ചെലവു ചെയ്യേണ്ടത് നിങ്ങളാണ്. അവരോട് ബാധ്യതയുള്ള സഹോദരങ്ങളുണ്ടെങ്കിൽ അവരോട് ചെലവ് നൽകാനാവശ്യപ്പെടുവിൻ. അവന് ആരെങ്കിലും വല്ല നഷ്ടവും വരുത്തുന്നതായാൽ അതിന് പ്രതികാര നടപടിയെടുക്കുവിൻ..."

മറ്റൊരു വിളംബരത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: "അന്യായമായ നികുതികൾ രജിസ്റ്ററിൽനിന്ന് ഒഴിവാക്കുക. പഴയ ഫയലുകൾ പഠിക്കുക. ഏതെങ്കിലും മുസ്‌ലിമിനോടോ അമുസ്‌ലിമിനോടോ വല്ല അനീതിയും ചെയ്തുപോയിട്ടുള്ളതായി കാണപ്പെട്ടാൽ അയാൾക്ക് അയാളുടെ അവകാശങ്ങൾ തിരിച്ചുകൊടുക്കുക. അയാൾ മരണപ്പെട്ടു കഴിഞ്ഞാൽ അയാളുടെ അവകാശികൾക്ക് കൊടുക്കുക." നബി(സ) മരണശയ്യയിൽ കിടന്ന് ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ട്: "അമുസ്‌ലിം പ്രജകൾക്ക് ഞാൻ നൽകിയിട്ടുള്ള സംരക്ഷണം സൂക്ഷ്മമായി നിലനിർത്തുക." നബി(സ) ഇങ്ങനെയും പറയുകയുണ്ടായിട്ടുണ്ട്: "അമുസ്‌ലിം പ്രജകളെ ആരെങ്കിലും ഉപദ്രവിച്ചാൽ പുനരു

ത്ഥാന ദിവസത്തിൽ ഞാൻ അയാളുടെ (അമുസ്‌ലിമിന്റെ) ഭാഗത്തുനിന്നുകൊണ്ട് (ആ മുസ്‌ലിമിനെതിരായി) വാദിക്കുന്നത് കാണാവുന്നതാണ്" (അബൂദാവൂദ്).

അയൽവാസിയുടെ അവകാശങ്ങൾ പറഞ്ഞേടത്തെല്ലാം മുസ്‌ലിം–അമുസ്‌ലിം വിവേചനമില്ലാതെയാണ് പറഞ്ഞിട്ടുള്ളത്. അമുസ്‌ലിംകളിൽ ഏകദൈവവിശ്വാസികളും ദൈവിക നിയമങ്ങളനുസരിച്ച് ജീവിക്കുന്നവരുമായവരിൽനിന്ന് വിവാഹം കഴിക്കുന്നത് കൂടി അനുവദനീയമാണ്.

## ജിസ്‌യ

സൈനിക സേവനത്തിന്റെ കാര്യത്തിൽ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിൽ ഒരു വ്യത്യാസം കൽപിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം മതത്തിനെതിരായി യുദ്ധം ചെയ്യുന്നവരെ മുസ്‌ലിംകൾക്ക് ചെറുക്കേണ്ടിവരുമ്പോൾ അമുസ്‌ലിംകൾക്ക് മുസ്‌ലിംപക്ഷത്തുനിന്ന് യുദ്ധം ചെയ്യുന്നതിൽ പ്രയാസങ്ങൾ ഉണ്ടായേക്കാം. ഒരു ആദർശ രാഷ്ട്രത്തിൽ ആ ആദർശവുമായി യോജിക്കാത്തവർക്ക് സൈനികസേവനം പ്രയാസകരമാവുന്നത് സ്വാഭാവികമാണ്. അതുകൊണ്ട് അമുസ്‌ലിംകൾക്ക് സൈനിക സേവനത്തിൽനിന്നൊഴിഞ്ഞുനിൽക്കാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ അതിനുപകരം അവർ ഒരു തലവരി കൊടുക്കണം. ഇതിനാണ് ജിസ്‌യ എന്ന് പറയുന്നത്. ജിസ്‌യ സൈനിക സേവനത്തിനു പകരമായി മാത്രമുള്ളതല്ല; അവരുടെയും നാട്ടിന്റെയും സംരക്ഷണം മുസ്‌ലിംകൾ ഏറ്റെടുത്തിട്ടുള്ളതിനു കൂടിയാണ്. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന അമുസ്‌ലിംകളിൽനിന്ന് ഇത് ഈടാക്കുന്നതല്ല. സംരക്ഷണം നൽകാൻ മുസ്‌ലിംകൾക്ക് സാധ്യമാവാത്ത സന്ദർഭം വന്നാൽ പിരിച്ച ജിസ്‌യ മടക്കിക്കൊടുത്തിട്ടുമുണ്ട്. രാഷ്ട്രത്തിന് ഗണ്യമായ സേവനമർപ്പിച്ചവരെ ഇതിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, അബലർ, ദരിദ്രർ എന്നിവർ ഇതിൽനിന്നൊഴിവാക്കപ്പെടുന്നു. ഇതുകൊണ്ടെല്ലാം ജിസ്‌യയുടെ യഥാർഥ സ്വഭാവം ഗ്രഹിക്കാൻ കഴിയുന്നു. ജിസ്‌യ ഒട്ടും ഭാരിച്ചതുമായിരുന്നില്ല. നബി(സ)യുടെ കാലത്ത് ഒരാളിൽനിന്നും 10 ദിർഹമാണ് വസൂലാക്കിയിരുന്നത്. അന്ന് ഒരു സാധാരണ കുടുംബത്തിന് 10 ദിവസത്തെ ചെലവിനു വേണ്ടിവരുന്ന സംഖ്യയായിരുന്നു 10 ദിർഹം. ജിസ്‌യ നിർബന്ധമായും എല്ലാവരിൽനിന്നും വാങ്ങിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ഇസ്‌ലാമിക ഭരണത്തിൽ അമുസ്‌ലിംകളുടെ പദവി പ്രജായത്ത വ്യവസ്ഥയിലെ ന്യൂനപക്ഷത്തിന്റേതോ പ്രതിപക്ഷത്തിന്റേതോ അല്ല എന്ന് വ്യക്തമാണ്. ഒരു ആദർശ സമൂഹത്തിന്റെ ഭരണത്തിൽ ആ ആദർശത്തോട് യോജിക്കാത്തതോടൊപ്പം തുല്യമായ അവകാശങ്ങളോടും പൂർണമായ സുരക്ഷിതത്വത്തോടും കൂടി മാനമായി ജീവിക്കുന്ന ഒരു ജനവിഭാഗമായിട്ടാണവർ വർത്തിക്കുക. അവർക്ക് കഴിയുന്നതും പാടുള്ളതുമായ എല്ലാ കാര്യങ്ങളിലും അവർ മുസ്‌ലിംകളെപ്പോലെത്തന്നെ പങ്കുകൊള്ളും. രഹസ്യവും പരസ്യവുമായ എല്ലാ കാര്യങ്ങളും അറിയുന്ന സർവശക്തനായ ദൈവത്തെ ഭയന്നു ഭക്തിയോടെ ജീവിക്കുന്ന ഭരണാധികാരികളും മുസ്‌ലിംകളും എപ്പോഴും അവരുടെ കാര്യത്തിൽ ബദ്ധശ്രദ്ധരായിരിക്കുകയും ചെയ്യും. ദൈവം ഒന്ന്, മനുഷ്യൻ ഒന്ന്, മതം ഒന്ന് എന്ന മുസ്‌ലിംകളുടെ വിശ്വാസവും ദൈവികനിയമങ്ങളും തന്നെയാണ് ഇസ്‌ലാമിക ഭരണത്തിൽ അമുസ്‌ലിംകൾക്കുണ്ടാകുന്ന ഈ പദവിയുടെ പശ്ചാത്തലം. ■